**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1182** **31-01-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ ആരംഭിക്കാൻ ഉദ്ദേശിച്ച സ്ഥലങ്ങളേതെല്ലാമാണെന്നും സംരംഭങ്ങളുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ; ഏതെല്ലാം ഹാർബറുകളിൽ നിന്നാണ് ഇവിടേയ്ക്ക് മായമില്ലാത്ത മത്സ്യം എത്തിക്കുകയെന്നും വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ മണ്ഡലത്തിൽ ചുങ്കത്തറ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ നിലവിൽ മത്സ്യഫെഡ് ഫിഷ് മാർട്ട് പ്രവർത്തിച്ചു വരുന്നു. അമരമ്പലം പഞ്ചായത്തിൽ പൂക്കോട്ടുപാടം എന്ന സ്ഥലത്ത് ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് കെട്ടിടം അന്വേഷിച്ചു വെങ്കിലും പഞ്ചായത്ത് വക കെട്ടിടം നിലവിൽ ലഭ്യമല്ല. പരപ്പനങ്ങാടി , താനൂർ , പൊന്നാനി , ചാലിയം ലാന്റിംഗ് സെന്റർ, ബേപ്പൂർ, പുതിയാപ്പ എന്നിവിടങ്ങളിൽ നിന്നും മത്സ്യം ശേഖരിച്ചു പരപ്പനങ്ങാടി മത്സ്യഫെഡ് ബേസ് സ്റ്റേഷനിൽ എത്തിച്ച് അവിടെ നിന്നുമാണ് മായമില്ലാത്ത മത്സ്യം ഫിഷ് മാർട്ടിലേയ്ക്ക് വിതരണം ചെയ്യുന്നത് . |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധമാകുന്ന പക്ഷം മത്സ്യഫെഡിന്റെ കൂടുതൽ ഫിഷ് മാർട്ടുകൾ നിലമ്പൂർ നിയോജകമണ്ഡലത്തിൽ തുടങ്ങുന്നതിന് സാധ്യതയുണ്ടോ എന്ന് അറിയിക്കുമോ; ഇതിനായുള്ള നടപടിക്രമങ്ങളെന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥല സൗകര്യം അനുവദിക്കുന്ന പക്ഷം ലാഭകരമായി മത്സ്യ വിപണനം നടത്താൻ സാധ്യതയുള്ള സ്ഥലത്ത് ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതാണ് . തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ ലഭ്യമാണെന്ന് അറിയിക്കുന്ന മുറയ്ക്ക് മത്സ്യഫെഡ് ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മത്സ്യഫെഡിന്റെ സീഫുഡ് റെസ്റ്റോറന്റ് നിലമ്പൂർ നിയോജക മണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലമ്പൂർ നിയോജക മണ്ഡലത്തിലെ എടക്കരയിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | മത്സ്യഫെഡ് സീ ഫുഡ് റസ്റ്റോറന്റ് നിലമ്പൂർ നിയോജക മണ്ഡലത്തിൽ ആരംഭിക്കു ന്നതിന് എടക്കരയിൽ സ്ഥല പരിശോധന നടത്തിയിരുന്നു. എന്നാൽ പ്രസ്തുത പ്രദേശത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയോ റവന്യൂ/ മറ്റ് സർക്കാർ വകുപ്പുകളുടെ സ്ഥലമോ ലഭ്യമായിട്ടില്ല. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന പക്ഷം സീ ഫുഡ് റസ്റ്റോറന്റ് ആരംഭിക്കുവാൻ നടപടി കൈകൊള്ളുന്നതാണ് . |

സെക്ഷൻ ഓഫീസർ